'ഭരണ ഭാഷ – മാതൃഭാഷ'

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം

ജെ4-37630/15

തിരുവനന്തപുരം, തീയതി: 14.06.2017

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് – വിവിധ ഓഫീസുകളിലും ഗ്രാമ പഞ്ചായത്തുകളിലും – യൂണികോഡ് അധിഷ്ഠിത മലയാളം കമ്പ്യൂട്ടിംഗ് – വ്യാജ സോഫ്റ്റ് വെയർന് പകരം സുരക്ഷിതമായ സ്വതന്ത്ര സോഫ്റ്റ് വെയർ – നിർബന്ധമാക്കൽ – സംബന്ധിച്ച്.

സൂചന:
1. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 31/08/വിസാവ തീയതി 21.08.2008.
2. സർക്കുലർ നമ്പർ ഐ.ടി. സെൽ 2/701/2015 ഐ.ടി.ഡി തീയതി 21.07.2016.

*******

മേൽ സൂചന (1) പ്രകാരം സംസ്ഥാനത്തെ സർക്കാർ ആഫീസുകളിൽ ഔദ്യോഗിക രേഖകൾ തയ്യാറാക്കുന്നതിന് യൂണികോഡ് അധിഷ്ഠിത മലയാളം കമ്പ്യൂട്ടിംഗ് മാത്രമേ പാടുള്ളൂ എന്ന് ഉത്തരവായിട്ടുള്ളതാണ്. മറ്റ് രീതിയിലുള്ള ഫോണ്ടുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന കത്തുകളും കുറിപ്പുകളും കൈമാറ്റം ചെയ്യുകയോ ഇന്റർനെറ്റിൽ ലഭ്യമാക്കുകയോ ചെയ്യുമ്പോൾ പലപ്പോഴും ശരിയായി വായിക്കുന്നതിന് പ്രയാസം നേരിടേണ്ടിവരാറുണ്ട് ഈ സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലെ എല്ലാ ആഫീസുകളിലും ഗ്രാമ പഞ്ചായത്തുകളിലും യൂണികോഡ് അധിഷ്ഠിത മലയാളം കമ്പ്യൂട്ടിംഗ് മാത്രമേ നടത്തുവാൻ പാടുള്ളൂ.

സൂചന (2)ൽ പരാമർശിച്ച പ്രകാരം എല്ലാ സർക്കാർ ആഫീസുകളിലും നിയമപരമല്ലാത്ത പകർപ്പവകാശം ലംഘിച്ച് ഉപയോഗിക്കുന്ന വാണിജ്യ സോഫ്റ്റ് വെയറുകളുടെ ഉപയോഗം കർശനമായി ഒഴിവാക്കേണ്ടതാണ്. വ്യാജ സോഫ്റ്റ് വെയറുകളുടെ ഉപയോഗം നിയമലംഘനത്തോടൊപ്പം സർക്കാരിന്റെ വിവിധ വിവരസാങ്കേതിക ആസ്തികളെ സുരക്ഷാഭീഷണിയിലേക്ക് തള്ളി വിടുകയും ചെയ്യുന്നു. പഞ്ചായത്ത് വകുപ്പിലെ എല്ലാ ആഫീസുകളിലും ഗ്രാമ പഞ്ചായത്ത് ആഫീസുകളിലും സുരക്ഷിതമായ സ്വതന്ത്രസോഫ്റ്റ് വെയറുകൾ മാത്രം ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകുന്നു. ഏതെങ്കിലും സാഹചര്യത്തിൽ ലൈസൻസ് ആവശ്യമുള്ള സോഫ്റ്റ് വെയറുകൾ വാങ്ങി ഉപയോഗിക്കേണ്ടിവന്നാൽ അനുമതിയോടെ മാത്രമേ അവ വാങ്ങുവാൻ പാടുള്ളൂ.

മേൽ പരാമർശിച്ച രീതിയിൽ യൂണികോഡ് അധിഷ്ഠിത മലയാളം കമ്പ്യൂട്ടിംഗും, സ്വതന്ത്ര സോഫ്റ്റ് വെയറായ ലിബ്രെ ഓഫീസിന്റെ വ്യാപനവും ലക്ഷ്യമാക്കി ആർ.ജി.പി.എസ്.എയുടെ ഒരു

പദ്ധതി പഞ്ചായത്ത് വകുപ്പിൽ നടപ്പാക്കി വരുകയാണ്.ആവശ്യമായ പരിശീലനവും സോഫ്റ്റ് വെയർ വിന്യാസവും പൂർത്തിയായ ആഫീസുകളിൽ ഇനിമുതൽ എല്ലാ ഉദ്യോഗസ്ഥരും ഔദ്യോഗികരേഖകൾ തയ്യാറാക്കുന്നതിന് യൂണിക്കോഡ് അധിഷ്ടിത മലയാളം കമ്പ്യൂട്ടിഗും ഒപ്പം സ്വതന്ത്ര സോഫ്റ്റ് വെയറായ ലിബ്രാഓഫീസും മാത്രം ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു.ടി പ്രവർത്തിയുടെ പുരോഗതി എല്ലാമാസവും ബന്ധപ്പെട്ടവർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)

എം.പി.അജിത്കുമാർ

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

പകർപ്പ്:

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ടീം ലീഡർ,ആർ.ജി.എസ്.എ.

/ആജ്ഞാനുസരണം/

സൂപ്രണ്ട്